# റമദാനിലെ പ്രാർഥനകൾ

**അബൂ അമാൻ** ● ലേഖനം

ഹൃദയാന്തരാളങ്ങളിൽ ദൈവിക സ്നേഹം വേരുപിടിപ്പിക്കാനും ആവശ്യങ്ങളെല്ലാം അല്ലാഹുവിന്റെ മുമ്പാകെ തുറന്നു വെക്കാനും പാപമോചനം അർഥിക്കാനും വേണ്ടി റമദാനിൽ പ്രാർഥനയും നാഥനുമായുള്ള രഹസ്യ സംഭാഷണവും വർധിപ്പിക്കാൻ ഇസ്‌ലാം പ്രേരിപ്പിച്ചിട്ടുണ്ട്. മനഃസംസ്കരണം, സ്വഭാവരൂപീകരണം, മാനസികാഹ്ലാദം എന്നിവ വളർത്താനും പ്രാർഥനയാണ് മാർഗം. പ്രവാചകൻ(സ) അരുൾ ചെയ്തു: "നിങ്ങൾ പാപങ്ങളിൽ നിന്ന് അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുക. നമസ്കാര വേളകളിൽ അതിനുവേണ്ടി കൈകളുയർത്തുക. കാരണം കാരുണ്യപൂർവം തന്റെ ദാസരെ അല്ലാഹു നോക്കുന്ന ഉത്തമ സമയമാണത്. അവനോട് വ്യക്തി സംഭാഷണത്തിലേർപ്പെടുന്നവരെ അവന് അങ്ങേയറ്റം ഇഷ്ടമാണ്. ചോദിക്കുന്നതെന്തും അവർക്ക് അവൻ നൽകും." അലി(റ) പറഞ്ഞു: "റമദാനിൽ നിങ്ങൾ കൂടുതൽ പ്രാർഥിക്കുകയും പാപമോചനം തേടുകയും വേണം. പ്രാർഥന പരീക്ഷണം തടുക്കുന്നതും പാപമോചനം കുറ്റങ്ങൾ മായ്ക്കുന്നതുമാണ്." പ്രാർഥന, തസ്ബീഹ്, ഇസ്തിഗ്ഫാർ, തക്ബീർ എന്നിവയല്ലാത്ത ഒന്നും റമദാനിൽ അലിയ്യുബ്നു ഹുസൈൻ(റ) സംസാരിച്ചിട്ടില്ലെന്നാണ് ചരിത്രം. ഇമാം സ്വാദിഖ് ജനങ്ങളെ ഉപദേശിച്ചതിങ്ങനെ: "റമദാൻ അല്ലാഹുവിന്റെ മാസമാണ്. അതിൽ നിങ്ങൾ തഹ്‌ലീൽ (ലാ ഇലാഹ ഇല്ലല്ലാ), തക്ബീർ (അല്ലാഹു അക്ബർ), തഹ്മീദ് (അൽഹംദുലില്ലാ), തസ്ബീഹ് (സുബ്ഹാനല്ലാ) എന്നിവ വർധിപ്പിക്കുക."



റമദാൻ മാസപ്പിറവി ദൃശ്യമായാൽ പ്രവാചകൻ(സ) താഴെ വരുന്ന പ്രാർഥന ചൊല്ലിയതായി ത്വൽഹതുബ്നു ഉബൈദില്ല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

اَللَّهُمَّ أَهِلَّهُ عَلَيْنَا بالأَمْنِ وَالإِيمَانِ وَالسَّلاَمَةِ
وَالإِسْلاَمِ وَالْعَافِيَةِ وَالْمُحَلَّلَةِ وَالرِّزْقِ الْحَسَنِ
وَدِفَاعِ الأَسْقَامِ، وَالعَوْنِ عَلَى الصَّلاَةِ وَالصِّيَامِ
وتلاوة القرآن

(അല്ലാഹുവേ, ഈ മാസപ്പിറവിയെ ഞങ്ങൾക്ക് നിർഭയത്തോടെ, വിശ്വാസത്തോടെ, രക്ഷയോടെ, അനുസരണയോടെ കർമങ്ങൾ ചെയ്യാനുള്ളതാക്കേണമേ. സൗഖ്യം, വിശാലമായ വിഭവം എന്നിവ നൽകുകയും രോഗം തടുക്കുകയും ചെയ്യേണമേ. ഈ മാസം നോമ്പ്, രാത്രി നമസ്കാരം, ഖുർആൻ പാരായണം എന്നിവക്ക് ഉതവി നൽകേണമേ). എല്ലാ മാസവും മാസപ്പിറ കാണുമ്പോൾ നബി(സ) പ്രാർഥിച്ചിരുന്ന പ്രാർഥന തന്നെയാണിത്. ഇതിൽ ചില പദങ്ങളിൽ മാറ്റമുണ്ടെന്നു കാണാം.

റമദാൻ ആഗതമായാൽ വിശ്വാസികൾ നടത്തിയിരുന്ന മറ്റൊരു പ്രാർഥന,

ഇമാം ത്വബറാനി ദുആ എന്ന അധ്യായത്തിൽ ഉദ്ധരിച്ചത് ഇപ്രകാരമാണ്:

اللَّهمَّ أظلَّ شَهْرُ رمَضَانَ وَحضَرَ، فَسَلِّمْهُ لي وَسَلِّمْني فيه وَتَسَلَّمْهُ مِنِّي، اللَّهُمَّ ارْزُقْني صِيامَهُ وَقِيَامَهُ صَبْراً واحتِسَاباً، وَارْزُقْني فيه الْجِدّ والاجتِهَادَ وَالْقُوَّةَ وَالنَّشَاطَ، وَأَعِذْني فيه مِنَ السَّآمَةِ وَالفتْرَةِ وَالْكَسَلِ وَالنُّعَاسِ، وَوَفِّقْني فيه لِلَيْلَةِ الْقَدْرِ، وَاجْعَلْهَا خَيْراً لِي مِنْ أَلْفِ شَهْرٍ

(അല്ലാഹുവേ, റമദാൻ തണൽ വിരിച്ചു സമാഗതമായിരിക്കുകയാണ്. അത് രക്ഷയുടെ മാസമാക്കുകയും അതിൽ ഞങ്ങൾക്ക് രക്ഷനൽകുകയും ചെയ്താലും. അല്ലാഹുവേ, ആ മാസത്തിൽ സ്ഥൈര്യത്തോടും പ്രതിഫലേഛയോടും കൂടി നോമ്പും നമസ്കാരവും നിർവഹിക്കാൻ നീ സഹായിക്കേണമേ. ആ മാസം എനിക്ക് കഠിനാധ്വാന മനസ്ഥിതിയും ഉന്മേഷവും കരുത്തും പ്രദാനം ചെയ്യേണമേ. മടി, മടുപ്പ്, ആലസ്യം എന്നിവയിൽ നിന്ന് എന്നെ രക്ഷപ്പെടുത്തേണമേ, ആയിരം മാസത്തേക്കാൾ ഉത്തമമാക്കി അതിലെ ലൈലത്തുൽ ഖദ്റിനെ എനിക്ക് മാറ്റിത്തരികയും ചെയ്യേണമേ).

നോമ്പുകാരൻ നോമ്പ് തുറക്കുന്ന സന്ദർഭത്തിൽ നടത്തുന്ന പ്രാർഥന തിരസ്കരിക്കപ്പെടില്ലെന്ന് ഇബ്നുമാജ റിപ്പോർട്ട് ചെയ്ത നബിവചനത്തിൽ വന്നിട്ടുണ്ട്. നോമ്പ് തുറന്ന വേളയിലെ രണ്ട് പ്രവാചക പ്രാർഥനകളാണ് താഴെ. അവയിൽ ഏതെങ്കിലുമൊന്ന് ചൊല്ലിയാൽ മതി. അറിയാവുന്നവർക്ക് രണ്ടും ചേർത്തു പ്രാർഥിക്കാം.

اَللَّهُمَّ إِنِّي أَسْئَلُكَ بِرَحْمَتِكَ الَّتِي وَسِعَتْ كُلَّ شَيْئٍ أَنْ تَغْفِرَ لِي

(അല്ലാഹുവേ, എല്ലാറ്റിനും വിശാലമായ നിന്റെ കാരുണ്യത്തെ മുൻനിർത്തി എനിക്ക് നീ പൊറുത്തു തരേണമേ എന്ന് ഞാൻ നിന്നോട് അഭ്യർഥിക്കുന്നു).

ذَهَبَ الظَمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللهُ تَعَالَى

(ദാഹം ശമിച്ചു; ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഇഛിച്ചെങ്കിൽ പ്രതിഫലം ഉറപ്പാക്കുകയും ചെയ്തു).

നോമ്പ് തുറന്നാൽ നബി(സ)

اللَّهُمَّ لَكَ صُمْتُ وَعَلَى رِزْقِكَ أَفْطَرْتُ

(അല്ലാഹുവേ, ഞാൻ നിനക്കുവേണ്ടി നോമ്പനുഷ്ഠിച്ചു, നിന്റെ ആഹാരം കൊണ്ട് തന്നെ നോമ്പ് തുറക്കുകയും ചെയ്തു). എന്ന പ്രാർഥനയും ചൊല്ലാറുണ്ടായിരുന്നു.

റമദാനിന്റെ മഹത്വം പഠിപ്പിക്കുന്ന ദീർഘമായൊരു ഹദീസിൽ അതിന്റെ ആദ്യ ഭാഗം കാരുണ്യവും മധ്യഭാഗം പാപമോചനവും അവസാന ഭാഗം നരകമോചനവുമാണെന്ന് നബി(സ) ഉണർത്തുകയുണ്ടായി. അതുപ്രകാരം റമദാനിലെ മൂന്ന് 10-കളിലും ഈ കാര്യങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രാർഥനയാണ് പൂർവികരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. ആദ്യ പത്തിലെ പ്രാർഥന ഇങ്ങനെ:

اللَّهُمَّ ارْحَمْنِي يَا أَرْحَمَ الرَّاحِمِين

(കാരുണ്യകടലായ നാഥാ, നീ എനിക്ക് കരുണ ചൊരിയേണമേ).

രണ്ടാമത്തെ പത്തിൽ:

اللَّهُمَّ اغْفِرْلِي ذُنُوبِي يَارَبَّ الْعَالَمِين

(പ്രപഞ്ചനാഥാ! എന്റെ പാപങ്ങൾ നീ പൊറുത്തു തരിക).

അവസാനത്തെ പത്തിൽ:

اللَّهُمَّ أَعْتِقْنِي مِنَ النَّارِ وَأَدْخِلْنِي الْجَنَّةَ يَارَبَّ الْعَالَمِين

(അല്ലാഹുവേ നീ നരകത്തിൽ നിന്ന് എന്നെ മോചിപ്പിക്കേണമേ, ലോകനാഥനായ റബ്ബേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ).

ഇതിനു പുറമെ

أَشْهَدُ أَنْ لَاإِلَهَ إِلَّا اللهُ أَسْتَغْفِرُ اللهَ اللَّهُمَّ إِنِّي أَسْئَلُكَ الْجَنَّةَ وَأَعُوذُبِكَ مِنَ النَّارِ

(അല്ലാഹു അല്ലാതെ ഇലാഹില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവോട് ഞാൻ പാപമോചനം തേടുകയും ചെയ്യുന്നു. അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗം തേടുകയും നരകത്തിൽ നിന്ന് അഭയം ചോദിക്കുകയും ചെയ്യുന്നു) എന്ന പ്രാർഥനയും അഭികാമ്യമാണ്. റമദാനിലെ ഏറ്റവും പുണ്യകരമായ രാത്രിയാണല്ലോ ലൈലത്തുൽ ഖദ്ർ. ആ രാത്രി ഏതാണെന്നറിഞ്ഞാൽ അന്ന്, ഞാൻ എന്താണ് പ്രാർഥിക്കേണ്ടതെന്ന് ആഇശ(റ) നബി(സ)യോട് അന്വേഷിച്ചു. അപ്പോൾ നബി(സ) ഇങ്ങനെ പ്രാർഥിക്കാൻ പറഞ്ഞു:

اللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

(അല്ലാഹുവേ, നീ തീർച്ചയായും മാപ്പ് ചെയ്യുന്നവനല്ലോ. മാപ്പ് ചെയ്യുന്നത് നിനക്കിഷ്ടമാണ്. അതിനാൽ എനിക്കു മാപ്പ് ചെയ്യേണമേ- തിർമിദി, അഹ്മദ്, ഇബ്നുമാജ).

ബന്ധുജനങ്ങളുടെ വീട്ടിൽ നിന്ന് നോമ്പ് തുറന്നിരുന്ന പ്രവാചകൻ അവർക്ക് വേണ്ടിയും പ്രാർഥിച്ചിരുന്നു. ആ പ്രാർഥന:

أفطَرَ عِنْدَكُم الصائِمُون، وَغَشِيتكم الرَّحْمَة، وَأَكَلَ طَعَامَكُم الْأَبْرَارُ وَتَنَزَّلَت عَلَيْكُم المَلائكة

(നോമ്പുകാർ നിങ്ങൾക്കരികെ വന്ന് നോമ്പ് തുറന്നിരിക്കുന്നു. കാരുണ്യം നിങ്ങളെ പൊതിഞ്ഞിരിക്കുന്നു. പരിശുദ്ധരാണ് നിങ്ങളുടെ അന്നം ആഹരിച്ചിരിക്കുന്നത്. മലക്കുകൾ നിങ്ങൾക്കു മീതെ ഇറങ്ങിയിരിക്കുന്നു). ഇമാം അഹ്മദ്, അനസ്ബ്നു മാലികിൽ നിന്ന് ഉദ്ധരിച്ചതാണ് ഈ പ്രവാചക വചനം.

ചുരുക്കത്തിൽ, കണ്ഠനാഡിയേക്കാൾ നമ്മോട് അടുത്തുനിൽക്കുന്ന നാഥനോട് പ്രാർഥനയിലൂടെ പരമാവധി ചോദിക്കാനും അടുക്കാനുമുള്ള പുണ്യനാളുകൾ കൂടിയാണ് വിശ്വാസികൾക്ക് റമദാൻ. ■